ശ്രീ. കെ. കുഞ്ഞമ്പു : പട്ടം കാളനിയിൽ ഈ മാതിരി പ്രക്ഷോഭണമൊന്നും ഉണ്ടായിട്ടില്ല. അവിടം താമസത്തിനു ഏറ്റവും പറ്റിയ സ്ഥലമാണു്. നല്ല റോഡുകളും സ്കൂളുകളും ഉണ്ടു്. ആശുപത്രിയുണ്ടു്. കുടിക്കുവാൻ വേണ്ട വെള്ളവും കിട്ടുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ സംഭവിക്കുന്ന പല കാര്യങ്ങളും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെടാറില്ല. അതുമാതിരി പട്ടം കാളനിയുടെ കാര്യവും പെട്ടിട്ടില്ല. ഈ ഗവണ്മെൻറിന്റെ ദൃഷ്ടി എന്നു പറയുന്നതു എന്തിനെയാണു്?

മി. സ്പീക്കർ : അതൊരു ടെക്നിക്കൽ ചോദ്യമാണു്.

മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണം.

* 717. [21] † ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചു ;

(ബി) അവർക്കുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ എത്ര വനങ്ങൾ നിർമ്മിച്ചു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1963-64 വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്കു് ഭവനനിർമ്മാണത്തിനായി 60,497 രൂ. ചെലവഴിച്ചു.

(ബി) 20 വീടുകൾ പൂർത്തിയായി. 130 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

ശ്രീ. എൻ. എസ് കൃഷ്ണപിള്ള : ഇങ്ങനെ കൊടുക്കുന്ന ആനുകൂല്യം ഈ രാജ്യത്തുള്ള എല്ലാവർക്കും കിട്ടുന്നുണ്ടോ ? വൈക്കത്തുള്ള മത്സ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : വൈക്കത്തു് 59 വീടുകളുടെ പണി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. സി. എം. കുട്ടി : 20 വീടുകൾ പൂർത്തിയായി എന്നു പറഞ്ഞു. പത്തു വീടുകൾ പൊളിഞ്ഞിട്ടുണ്ടായിരുന്നു. അതുകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? പൊളിഞ്ഞ വീടുകളെ സംബന്ധിച്ചു് എന്തു നിലപാടാണു് ഗവണ്മെൻറു കൈക്കൊണ്ടിട്ടുള്ളതു് ?

ശ്രീ. കെ. കുഞ്ഞമ്പു : പൊളിഞ്ഞ വീടല്ല ഉദ്ദേശിച്ചിരിക്കുന്നതു്. പൊളിഞ്ഞതു വീണ്ടും കെട്ടുവാൻ പണി ആരംഭിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസവകുപ്പു പുനഃസംഘടന

* 718. [23] ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പു പുനഃസംഘടിപ്പിക്കുന്നതിനു് നിയമിച്ചിട്ടുള്ള സ്പെഷ്യലാഫീസർ ആരു് ;

(ബി) എന്നു നിയമിച്ചു; റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞോ ;

(സി) എങ്കിൽ പുനഃസംഘടനയുടെ സാമാന്യരൂപം വെളിപ്പെടുത്താൻ ദയവുണ്ടാകുമോ ?

---

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ജോയിന്റ സെക്രട്ടറി ശ്രീ. പി. കെ. നാരായണൻ.

(ബി) 1-1-1964 ൽ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണപൊട്ടന്മാർ.

* 719. [24] † ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിൽ കണ്ണപൊട്ടന്മാരുടെ എണ്ണം എത്ര ;

(ബി) കുടുംബത്തിൽനിന്നോ മറേറാ തീരെ സഹായം കിട്ടാത്ത എത്ര പേരുണ്ട് ;

(സി) ഇവരുടെ വിദ്യാഭ്യാസത്തിനും ജീവിത മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും ഗവണ്മെന്റ് എന്തെങ്കിലും പരിപാടികൾ എടുത്തുവരുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1960-61-ൽ നടത്തിയ ഒരു സാമ്പത്തിക സർവ്വേ പ്രകാരം ഈ സംസ്ഥാനത്ത് 15,777 അന്ധന്മാരാണുള്ളത്.

(ബി) ഈ വിവരം ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശമില്ല.

(സി) ഗവണ്മെന്റ് നാലു അന്ധവിദ്യാലയങ്ങൾ നടത്തുകയും ഒരു പ്രൈവറ്റ് വിദ്യാലയത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. അവർക്ക് വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്തു കരമനയിൽ സ്ഥാപിക്കുന്ന വികലാംഗരുടെ മാതൃകാ സ്ഥാപനത്തിൽ അന്ധന്മാരെ പഠിപ്പിക്കാനും തൊഴിൽ പരിശീലിപ്പിക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ് : എല്ലാ വിദ്യാലയങ്ങളിലും കൂടി എത്ര ആളുകൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. പഠിച്ചു യോഗ്യതയുള്ള വല്ല അന്ധന്മാർക്കും ഗവണ്മെൻറ് സർവ്വീസിൽ ഉദ്യോഗം ഉണ്ടോ ; ഇവിടെനിന്നും ഉന്നത ബിരുദം നേടിയ ഒരു വ്യക്തി ഉദ്യോഗം തേടി മറു സംസ്ഥനങ്ങളിലേയ്ക്ക് പോകുവാൻ ഒരുക്കമാണെന്ന് കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : എല്ലാവിദ്യാലയങ്ങളിലുംകൂടി എത്രപേർ ഉണ്ടെന്നുള്ളതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം. ആയിരത്തിലധികം വരുമെന്നാണ് എന്റെ ഓർമ്മ. എല്ലാ കുട്ടികൾക്കുംകൂടി ഇപ്പോഴുള്ള വിദ്യാലയങ്ങൾകൊണ്ടു മതിയാകുമെന്നു തോന്നുന്നില്ല. കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടാക്കണമെന്നാണ് ഗവണ്മെൻറിന്റെ വിചാരം. ഉന്നത ബിരുദധാരിയായ ഒരാൾ ജോലി അന്വേഷിച്ചു പോകുന്നുണ്ടോ എന്ന കാര്യം അറിവില്ല. അങ്ങനെയൊരാൾ ഉണ്ടെന്നുള്ളതു അറിയാം. അദ്ദേഹത്തെ ഇതു സംബന്ധമായിട്ടുള്ള പഠനം നടത്തുന്നതിലേക്കു വടക്കേ ഇൻഡ്യയിലേക്കു അയയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സേവനം ഇവിടെത്തന്നെ ഉപയോഗയോഗ്യമാക്കാമോ എന്നുള്ള കാര്യം ആലോചിച്ചുവരികയാണ്.

ശ്രീമതി കുസുമം : തിരുവനന്തപുരത്തുള്ള അന്ധ വിദ്യാലയത്തിലെ കുട്ടികളിൽനിന്നും അവർക്ക് കൂടുതൽ കെട്ടിടങ്ങൾ വേണമെന്നും മറ്റു ചില ആവശ്യങ്ങൾ സാധിച്ചുകൊടുക്കണമെന്നും കാണിച്ചു മുഖ്യമന്ത്രിക്കു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

† Put by Shri O. Koran.

LIBRARY ARCHIVES Kerala Legislative Assembly